"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്സുകളുടെ നവീകരണത്തിന് ആവശ്യമായ അത്യാധുനിക യന്ത്രങ്ങളും, കമ്പ്യൂട്ടറുകളും, ഡിസൈൻ/ഡി.റ്റി.പി സോഫ്റ്റ് വെയറുകളും വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.84/2022/SPD തീയതി, തിരുവനന്തപുരം, 02-12-2022

---

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 22/10/2022-ലെ 18506/2021/ജി3 നമ്പർ കത്ത്.

2. 04/11/2022-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം.

2022-23 വർഷത്തേയ്ക്ക് സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് ആവശ്യമായ അത്യാധുനിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 4058-00-103-95-പ്ലാൻ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ചിലവഴിക്കുന്നതിലേയ്ക്കായി 15 വിവിധതരം മെഷീനുകൾ വാങ്ങുന്നതിന് 588.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പ് ഡയറക്ടറുടെ ശിപാർശയുടേയും, പരാമർശം (2) പ്രകാരമുള്ള വകുപ്പതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ പ്ലാൻ ഹെഡിൽ ഈ വർഷം അനുവദിച്ച 6 കോടിയിൽ നിന്നും 98 ലക്ഷം രൂപ അച്ചടി വകുപ്പ് ഇതിനോടകം വിനിയോഗിച്ചിട്ടുള്ളതിനാൽ പ്ലാൻ പ്രൊപ്പോസലിലെ ക്രമ നമ്പർ 6, 10, 16 എന്നീ ഇനങ്ങൾ ഒഴിവാക്കി 501.8 ലക്ഷം രൂപയുടെ ചുവടെ ചേർക്കും പ്രകാരമുള്ള മെഷീനുകൾ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പ്ലാൻ ഹെഡായ 4058-00-103-95-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 501.8 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പ്ലാൻ പ്രൊപ്പോസലിലെ ഇനം നം. | മെഷീനുകളുടെ വിവരം | ആകെ എണ്ണം | നിർദ്ദേശിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 1 | വെബ് ഓഫ്സെറ്റ് മെഷീൻ | 1 | 150 |
| 2 | 2 | സ്റ്റേപ്ലിംഗ് യൂണിറ്റുള്ള മോണോക്രോം ഇങ്ക്ജെറ്റ് പ്രിന്റിംഗ് മെഷീൻ | 1 | 20 |
| 3 | 3 | ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ | 4 | 36 |
| | | മോണോക്രോം പ്രൊഡക്ഷൻ | | |

| | | | | |
|---|---|---|---|---|
| 4 | 4 | പ്രിന്റർ | 1 | 20 |
| 5 | 7 | ഹോണിംഗ്/ഡിബറിംഗ് മെഷീൻ | 1 | 5 |
| 6 | 8 | കൊളാറ്റർ വിത്ത് സ്റ്റാക്കർ | 1 | 10 |
| 7 | 9 | ഹൈഡ്രോളിക് ഡൈ പഞ്ചിംഗ് മെഷീൻ | 1 | 10 |
| 8 | 11 | മൾട്ടി ഫങ്ഷൻ ലേസർ പ്രൊഡക്ഷൻ കളർ പ്രിന്റർ | 1 | 15 |
| 9 | 12 | കമ്പ്യൂട്ടർ ടു പ്ലേറ്റ് (CTP) മെഷീൻ | 1 | 80 |
| 10 | 13 | പ്രോഗ്രാം ചെയ്യാവുന്ന കട്ടിംഗ് മെഷീൻ | 2 | 96 |
| 11 | 14 | സ്ട്രിപ്പിംഗ് യൂണിറ്റുള്ള ഓട്ടോമാറ്റിക് ഡൈ കട്ടിംഗ് മെഷീൻ | 1 | 30 |
| 12 | 15 | ചൂടുള്ളതും തണുത്തതുമായ ലാമിനേറ്റിംഗ് മെഷീൻ | 1 | 10 |
| 13 | 17 | Desktop | 12 | 10.8 |
| 14 | 18 | Software | | 9 |
| **ആകെ** | | | | **501.8** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Bindu V K**
**Date: 03-12-2022 13:58:32**
സെക്ഷൻ ഓഫീസർ